പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.416

14.11.2019-ൽ മറുപടിക്ക്

**മത്സ്യത്തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്താൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ. ആൻസലൻ<br>,, റ്റി.വി.രാജേഷ്<br>,, കെ.ജെ. മാക്സി<br>,, കെ. ദാസൻ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്തി അവരെ വികസന മുഖ്യധാരയിൽ എത്തിക്കുന്നതിന് നടപ്പാക്കിവരുന്ന പദ്ധതികളെക്കുറിച്ച് അറിയിക്കാമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്തി അവരെ വികസന മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. സമ്പാദ്യ സമാശ്വാസ പദ്ധതി<br>2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ.<br>3. വിദ്യാഭ്യാസ സഹായ പദ്ധതികൾ.<br>4. മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനു കൾക്കും ഇൻഷ്വറൻസ് പദ്ധതി.<br>5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.<br>6. ഓഖി പുനരധിവാസ പദ്ധതികൾ.<br>7. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ.<br>8. മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന വായ്പാ ബന്ധിത പദ്ധതികൾ.<br>9. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനും വേണ്ടി സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ<br>10. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ. |
| (ബി) | പരമ്പരാഗത മത്സ്യ ത്തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുന്നതിനായി ഇവരുടെ ഗ്രൂപ്പുകൾക്കും സഹകരണ സംഘങ്ങൾക്കും നൽകിവരുന്ന സഹായങ്ങളെക്കുറിച്ച് അറിയിക്കാമോ; | (ബി) | ചെറുകിട പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും മത്സ്യഫെഡ് മുഖേന ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു<br>1. എൻ.സി.ഡി.സി ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി.<br>2.എൻ.ബി.സി.എഫ്.ഡി.സി/ എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള പദ്ധതികൾ:<br>എ) ടേം വായ്പകൾ<br>ബി) മൈക്രോഫിനാൻസ് വായ്പ |

| | | | |
|---|---|---|---|
| | | | 3. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യ വിപണനത്തിന് പലിശ രഹിതവായ്പ പദ്ധതി.<br>4. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം.<br>5. വലകൾക്കുള്ള സബ്സിഡി പദ്ധതി.<br>6. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി.<br>7. നാടൻ വള്ളങ്ങളുടെ നവീകരണം.<br>8. പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് 200 എഫ്.ആർ.പി ബോട്ടുകളും കടൽ സുരക്ഷാ ഉപകരണങ്ങളും 40% സബ്സിഡിയോടു കൂടി നൽകുന്ന പദ്ധതി.<br>**ഫിഷറീസ് വകുപ്പ് തലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**<br>1. ഓഖി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 120 എഫ്.ആർ.പി ബോട്ടുകൾ നൽകുന്ന പദ്ധതി.<br>2. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 40000 ലൈഫ് ജാക്കറ്റ് 500, സാറ്റ് ലൈറ്റ് ഫോൺ, കടൽ സുരക്ഷാ ഉപകരണങ്ങൾ, ജി.പി.എസ്, ലൈഫ് ബോയ് എന്നിവയുടെ വിതരണം.<br>3. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷക്ക് പ്രീമിയം തുകയുടെ 90% സർക്കാർ വഹിക്കുന്നു. 2018-19-ൽ 647 യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. 2019-20 വാർഷികപദ്ധതിയിൽ 4 കോടി രൂപ യാനങ്ങളുടെയും എഞ്ചിനുകളുടെയും ഇൻഷ്വറൻസിന് വകയിരുത്തിയിട്ടുണ്ട്. |
| (സി) | ന്യായവില ലഭ്യമാക്കുന്നതിന്റെ ഭാഗമായി, കടലിൽ നിന്ന് പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ വില നിർണ്ണയിക്കുന്നതിന് സമിതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (സി) | ന്യായവില ലഭ്യമാക്കുന്നതിന്റെ ഭാഗമായി, കടലിൽ നിന്ന് പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ വില നിർണ്ണയിക്കുന്നതിന് നിലവിൽ സമിതിയില്ല. എന്നാൽ ന്യായവില ഉറപ്പാക്കുന്നതിന് മത്സ്യഫെഡ് മുഖാന്തിരം ബീച്ച് ലെവൽ ഫിഷ് ഓക്ഷൻ പദ്ധതി പ്രകാരം പ്രൈമറി കോ-ഓപറേറ്റീവ് സഹകരണ സംഘങ്ങൾ മുഖാന്തിരം വായ്പയെടുക്കുന്ന ഗുണഭോക്താക്കൾ കടലിൽ നിന്നും പിടിച്ചുകൊണ്ടുവരുന്ന മത്സ്യം സഹകരണ സംഘങ്ങൾ നിയമിക്കുന്ന ലേലക്കാർ മുഖേന ലേലം ചെയ്തു വിൽപ്പന നടത്തുന്നു. കൂടാതെ മത്സ്യത്തിന്റെ ആദ്യ വില്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കുന്നതിനും മത്സ്യത്തിന് ന്യായവില ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിൽ തയ്യാറാക്കിയ ഫിഷ് മാർക്കറ്റിംഗ് ആന്റ് ഓക്ഷനിംഗ് ബിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചു കഴിഞ്ഞു. നിയമസഭ പരിഗണിച്ച് നിയമമാക്കേണ്ടതുണ്ട്. |
| (ഡി) | തീരദേശ വികസന കോർപ്പറേഷന്റെ കീഴിൽ ശക്തികുളങ്ങരയിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള മത്സ്യ സംസ്കരണ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പദ്ധതി യുണ്ടോയെന്ന് വ്യക്തമാക്കാമോ ? | (ഡി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ ശക്തികുളങ്ങരയിൽ മാത്രമാണ് നിലവിൽ മത്സ്യസംസ്കരണ കേന്ദ്രം പ്രവർത്തിച്ചു വരുന്നത്. പ്രസ്തുത പ്ലാന്റ് നവീകരിക്കുന്നതിനും, മൊബൈൽ വിൽപ്പന യൂണിറ്റ് സജ്ജമാക്കുന്നതിനും, ഒരു |

| | | | |
|---|---|---|---|
| | | | ലഘുഭക്ഷണശാല സ്ഥാപിക്കുന്നതിനുമായി അനുമതി നൽകിയിട്ടുണ്ട്. തീരദേശ വികസന കോർപ്പറേഷൻ മുഖേന തൃശ്ശൂർ ജില്ലയിൽ ചാവക്കാട് ഒരു 'സോളാർ ഫിഷ് ഡ്രൈയിംഗ് യൂണിറ്റ്' സ്ഥാപിച്ചിട്ടുണ്ട്. ആയത് "തുടർപ്രവർത്തനങ്ങൾക്കും പരിപാലനത്തിനുമായി ചാവക്കാട് മുനിസിപ്പാലിറ്റിക്ക് 06.06.2016 ന് കൈമാറുകയും ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഓഖി പാക്കേജിൽ ഉൾപ്പെടുത്തി വിഴിഞ്ഞത്ത് ഒരു ഫിഷ് പ്രോസസ്സിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 4 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. ഇതുകൂടാതെ കണ്ണൂർ ജില്ലയിലെ ചാലിൽ ഗോപാലപേട്ടയിൽ ഒരു സോളാർ ഫിഷ് ഡ്രൈയിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 302.00 ലക്ഷം രൂപയുടെ ഒരു പദ്ധതി ICZMP യുടെ Encore programme ൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിന് സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**